31

# പിതാക്കന്മാരോടുള്ള ദൈവവചനം

## (6:4)

1800-കളിൽ, പല കുടുംബങ്ങളും തങ്ങളുടെ വീടുകൾ വിട്ട് പടിഞ്ഞാറോട്ടു അമേരിക്കൻ അതിർത്തി ദേശം അവകാശമാക്കുവാൻ പോയിരുന്നു. പലപ്പോഴും ഈ വഴി തെളിക്കുന്ന കുടുംബങ്ങൾ ചരക്കു തീവണ്ടികളിലായിരുന്നു ഒരുമിച്ചു യാത്ര ചെയ്തിരുന്നത്. ഏതൊരു ചരക്കു തീവണ്ടിയിലും ഉള്ള പ്രധാന വ്യക്തി അതിലെ സേവകൻ ആയിരുന്നു. അയാൾ സാഹചര്യങ്ങൾ പരിശോധിക്കുവാൻ, തീവണ്ടിക്കു മുൻപായി പോകുന്നു, അത് ചിലപ്പോൾ ഒരു ദിവസത്തിനോ ദിവസങ്ങൾക്കോ മുമ്പായിരിക്കും. അയാൾ ഇന്ത്യക്കാരെ സൂക്ഷിച്ചിരുന്നു. അയാൾ വെള്ളമുള്ള സ്ഥലം നോക്കും കൂടാതെ നദി കടക്കുവാനുള്ള ഏറ്റവും പറ്റിയ സ്ഥലവും കണ്ടുവെക്കും. ആകാശത്ത് എന്തെങ്കിലും കുഴപ്പം പിടിച്ച കാലാവസ്ഥയുണ്ടാകുമോ എന്ന അടയാളവും നോക്കും. പ്രധാനപ്പെട്ട ആപത്തുകൾ ഉള്ള സ്ഥലം കണ്ടുപിടിക്കുവാനുള്ള ചുമതലയും തീവണ്ടിയുടെ സേവകനായിരുന്നു, ശത്രുക്കളെ നിരീക്ഷിച്ച്, തീവണ്ടിക്കുപോകുവാനുള്ള സുരക്ഷിത വഴിത്താരയും അയാൾക്കു തിരഞ്ഞെടുക്കണമായിരുന്നു.[1]

ഒരർത്ഥത്തിൽ, ആ ചരക്കു തീവണ്ടിയിലെ സേവകൻ ചെയ്തതുപോലെയാണ് ഓരോ വീട്ടിലേയും പിതാക്കന്മാർ ചെയ്യുന്നത്. ഒരു പിതാവാകുമ്പോൾ, നിങ്ങൾ നിങ്ങളുടെ കുടുംബത്തെ ജീവിതത്തിൽ കൂടിയുള്ള യാത്രക്കായി കൊണ്ടുപോകുന്നു, ഭാര്യയെ നയിച്ചുകൊണ്ട്, കുട്ടികളെ അവരുടെ ജീവിതങ്ങൾ നയിച്ചുകൊണ്ടുപോകാൻ പ്രാപ്തരാക്കുന്നു. നിങ്ങളുടെ ജോലിയിൽ നിങ്ങളുടെ കുടുംബത്തെ മുഴുവനും - അപ്പൻ, അമ്മ, മക്കൾ - ദൈവത്തിലേക്കു നയിക്കുവാൻ ശ്രമിക്കുന്നതും ഉൾപ്പെടുന്നു.

നിങ്ങളുടെ കുടുംബത്തെ നയിച്ചു നിങ്ങൾ ഒരു ചരക്കുവണ്ടിയിൽ പോയിക്കൊണ്ടിരിക്കുന്നതായി വിചാരിക്കുക. നിങ്ങൾ യാത്ര ചെയ്യുന്ന പ്രദേശം അപകടം നിറഞ്ഞതാണ്. നിങ്ങൾക്കുചുറ്റും, നിങ്ങളെ ആക്രമിക്കുവാൻ കാത്തിരിക്കുന്ന ശത്രുക്കളാണ്. പരിസരം പരുഷമാണെന്നു തോന്നുന്നു. ഓരോ വളവിലും അപ്രതീക്ഷിത ഭീഷണികൾ നേരിടാം. അതിനെ അതിജീവിക്കുവാൻ നിങ്ങളുടെ കുടുംബം നിങ്ങളെയാണ് നോക്കുന്നത്. ഒരു സേവകനായി നിങ്ങളെയാണ് അവർ കാണുന്നത്. നിങ്ങളുടെ തീരുമാനങ്ങളെ ആശ്രയിച്ചാണ് അവർ തങ്ങളുടെ ഗതി നിർണ്ണയിക്കുന്നത്. എല്ലാ വിപത്തുകളും തരണം ചെയ്യുന്നതിനു അവർ നിങ്ങളെയാണ് നോക്കുന്നത്.

വീട്ടിൽ പിതാവിന്റെ നേതൃത്വത്തെ കുറിച്ചാണ് 6:4-ൽ പൗലൊസ് പറ

യുന്നത്: “പിതാക്കന്മാരേ, നിങ്ങളുടെ മക്കളെ കോപിപ്പിക്കാതെ; കർത്താവിന്റെ ബാലശിക്ഷയിലും പത്ഥ്യോപദേശത്തിലും പോറ്റി വളർത്തുവിൻ.” ഈ വേദഭാഗത്തിലെ പ്രധാനപ്പെട്ട സത്യം ഇതാണ്: *ദൈവഭക്തിയോടെ തങ്ങളുടെ കുടുംബത്തെ നയിക്കുവാനാണ് ദൈവം പിതാക്കന്മാരോടു ആവശ്യപ്പെടുന്നത്.*

നിങ്ങൾ സ്വകാര്യ വ്യവസായത്തിലോ തപാൽ വകുപ്പിലോ ജോലി ചെയ്യുകയായിരിക്കാം. ഒരുപക്ഷെ നിങ്ങൾ സ്വയം - തൊഴിലിലുമാകാം. നിങ്ങൾ ചെയ്യുന്ന ജോലി നിങ്ങളുടെ വീട്ടിലുള്ളവരുടെ തലക്കുമുകളിൽ ഒരു കൂരയും മേശമേൽ ആഹാരവും കൊടുക്കുന്നതാകാം, *എന്നാൽ അതല്ല നിങ്ങളുടെ മുഖ്യജോലി!* നിങ്ങൾ ഓരോ മാസം ശമ്പളം കൈപ്പറ്റുവാൻ ചെയ്യുന്ന ജോലിയല്ല നിങ്ങളുടെ മുഖ്യമായ ജോലി. *നിങ്ങളുടെ മുഖ്യജോലി നിങ്ങളുടെ കുടുംബമാണ്!* അവരെ നയിക്കുക എന്ന ചുമതലയാണ് ദൈവം നിങ്ങൾക്കു നല്കിയിരിക്കുന്നത്. അപകടകരമായ പ്രദേശങ്ങളിലൂടെ നിങ്ങൾ അവരെ വഴി നടത്തുമ്പോൾ ദൈവം അവർക്കായി ഒരുക്കിയിരിക്കുന്ന ലക്ഷ്യസ്ഥാനത്ത് സുരക്ഷിതമായി എത്തുവാൻ അവർക്കു സാധ്യമാകും എന്നവൻ പ്രതീക്ഷിക്കുന്നു. ആ പ്രവൃത്തി ചെയ്യുവാൻ ദൈവവചനത്തിൽ എന്തു ഉൾക്കാഴ്ച്ചയാണ് നല്കുന്നത്? വാക്യം 4-ൽ ക്രിയാത്മകവും നിഷേധവുമായ കാര്യങ്ങൾ പിതാക്കന്മാർക്ക് പൗലൊസ് നല്കുന്നു.

## നിങ്ങളുടെ മക്കളെ
## കോപിപ്പിക്കരുത്

പൗലൊസ് പറഞ്ഞു, “പിതാക്കന്മാരേ, നിങ്ങളുടെ മക്കളെ കോപിപ്പിക്കരുത്” (6:4). “കോപിപ്പിക്ക” എന്ന വാക്ക് (ഗ്രീക്ക്.: *പരോർജിസോമായി*) അർത്ഥമാക്കുന്നതു “കോപം ഉണർത്തുക, കോപിപ്പിക്കുക, ദേഷ്യപ്പെടുത്തുക, കയ്പു വരുത്തുക” എന്നാണ്. നമ്മുടെ മക്കളെ കോപിപ്പിച്ച് അവരിൽ വെറുപ്പുളവാക്കി നീരസം ജനിപ്പിക്കുന്നതിനെയാണ് അത് അർത്ഥമാക്കുന്നത്. അങ്ങനെ സംഭവിച്ചാൽ, അവർ നമ്മെ ശ്രദ്ധിക്കുകയില്ല. അവർ നമ്മുടെ നേതൃത്വത്തെ പിൻപറ്റാതിരിക്കും. ദൈവം തിരഞ്ഞെടുത്ത നായകന്മാരെ ആളുകൾ പിൻപറ്റാതെ വരുമ്പോഴാണ് കുഴപ്പം നേരിടുന്നത്. നമ്മുടെ കുട്ടികളിൽ അതിരുകടന്നു വെറുപ്പുളവാക്കി നീരസം ജനിപ്പിക്കുന്ന ചില രീതികൾ ഏതെല്ലാമാണ്?

1. *അമിത സംരക്ഷണം.* നമുക്കു കുട്ടികളെ കേടുവരുത്തുവാൻ കഴിയും. അവരെ നാം ആരായുവാൻ അനുവദിക്കാതെ അല്ലെങ്കിൽ അവരുടേതായ സാഹസിക സംരംഭത്തിനു അനുവദിക്കാതിരുന്നാൽ അങ്ങനെ സംഭവിക്കും. അവർക്കു ഒരു സ്വാതന്ത്ര്യവും അനുവദിക്കാതെ സ്വാതന്ത്ര്യം എങ്ങനെ കൈകാര്യം ചെയ്യണം എന്നു പഠിക്കുവാൻ കഴിയാത്തരീതിയിൽ നമുക്ക് അവരെ ബന്ധിച്ചു നിർത്തുവാൻ കഴിയും.

2. *പക്ഷഭേദം.* നമ്മുടെ താല്പര്യത്തിൽ, വിചാരത്തിൽ, അല്ലെങ്കിൽ പങ്കിടുന്നതിൽ നിരപ്പില്ലാതെ കുടുംബത്തിലെ വ്യത്യസ്ത സ്വഭാവമുള്ള കുട്ടികളോടു ഇടപെടുമ്പോൾ നാം പക്ഷഭേദം കാണിച്ചേക്കാം. യോസേഫിനേയും, അവന്റെ സഹോദരന്മാരെയും, അപ്പനെയും കുറിച്ചുള്ള സംഭവങ്ങൾ വായിക്കുക. പക്ഷഭേദം കാണിച്ചതുകൊണ്ടു അവർക്കുണ്ടായ വിഷമസന്ധികൾ നോക്കുക.

3. *നിരുത്സാഹം.* "നിനക്ക് ഒന്നും ശരിയായി ചെയ്യുവാൻ കഴിയുകയില്ല" അല്ലെങ്കിൽ "നീ ഒരിക്കലും ഒന്നും ആകുകയില്ല" എന്ന വിധത്തിൽ നിരുത്സാഹപ്പെടുത്തുന്ന വാക്കുകൾ ഒരപ്പനിൽ നിന്നു ഒരിക്കലും ഒരു കുട്ടി കേൾക്കാൻ ഇടവരരുത്.

4. *ക്ലോണിങ്ങ്.* ഓരോ കുട്ടിയേയും ഒരേ രൂപത്തിലാക്കുവാൻ പിതാക്കന്മാർ ശ്രമിക്കരുത്. നമ്മുടെ മനസിലുള്ള അച്ചിലേക്ക് അവരെ പിഴിഞ്ഞ് ഒഴിക്കരുത് എന്നർത്ഥം. മക്കൾക്ക് അവരുടെ പ്രത്യേകതകൾ പ്രകടിപ്പിക്കുവാനുള്ള സ്വാതന്ത്ര്യം ആവശ്യമാണ്.

5. *ഉപേക്ഷ.* റോബെർട്ട് കോൾസ് അതിനെ കുറിച്ചു എഴുതി,

> അമേരിക്കയിലെ കുട്ടികൾക്കു ഏറ്റവും അത്യാവശ്യമായി തീർന്നിരിക്കുന്നതു ധാർമ്മിക ലക്ഷ്യമാണെന്നു ഞാൻ കരുതുന്നു. അവരുടെ മാതാപിതാക്കൾ അവരെ ശരിയായ കോളേജുകളിൽ അയക്കുന്നതിനു വ്യഗ്രത കാണിക്കയും, ഏറ്റവും നല്ല വസ്ത്രങ്ങൾ വാങ്ങി കൊടുക്കുകയും, സമൃദ്ധമായി ജീവിക്കുവാനുള്ള അവസരം ലഭിക്കുന്ന ഏറ്റവും നല്ല കളിപ്പാട്ടങ്ങൾ നല്കുന്ന അയൽക്കാരുള്ള സ്ഥലത്തു അവരെ താമസിപ്പിക്കുന്നു, രസകരമായ ഒഴിവുകാലങ്ങൾ ചെലവഴിക്കുവാൻ അനുവദിക്കുന്നു, ഇങ്ങനെ നിരവധി കാര്യങ്ങൾ അവർ മക്കൾക്കുവേണ്ടി ചെയ്യുന്നുണ്ട് ... ഇക്കാലത്തു മാതാപിതാക്കൾ കഠിനാദ്ധ്വാനം ചെയ്യുന്നുണ്ട്; അവരുടെ മക്കൾക്കു പ്രധാനപ്പെട്ടതെന്നു കരുതുന്ന സാധനങ്ങൾ അവർക്കായി വാങ്ങി കൂട്ടുകയും ചെയ്യുന്നു. എന്നിട്ടും അത്യന്തം പ്രാധാന്യമുള്ളതൊന്നും അവരുടെ ജീവിതത്തിൽ നടക്കുന്നില്ല. *അവർ തങ്ങളുടെ മക്കളുമൊത്ത് കൂടുതൽ സമയം ചെലവിടുന്നില്ല,* വളരെയൊന്നും ചുരുങ്ങിയത് അവർ ചെയ്യുന്നില്ല.[2]

6. *ക്രൂരത.* പിതാക്കന്മാർക്ക് മക്കളോടു ക്രൂരമായി പെരുമാറുവാൻ അധികാരമില്ല അല്ലെങ്കിൽ അവരുടെ ദേഷ്യമോ കയ്പോ കഠിനതയോ അവരോടു കാണിക്കുവാൻ പാടില്ല. ശാസിക്കുന്ന മിക്കവരും ഒരിക്കൽ ശാസിക്കപ്പെട്ടവരായിരിക്കും, പക്ഷെ ക്രിസ്തീയ പിതാവു അത്തരം പ്രവർത്തി തുടരുവാൻ അനുവദിക്കരുത്.

പിതാക്കന്മാരിൽ നിന്നു ദൈവം പ്രതീക്ഷിക്കുന്നതു അവരുടെ മക്കളെ കോപിപ്പിക്കുന്ന പ്രവൃത്തികൾ ഒഴിവാക്കണം എന്നാണ്. എന്റെ മക്കൾ എന്നോടു ചിലപ്പോൾ പറയാറുണ്ട്, "നിങ്ങൾ അത്ര ശരിയായിട്ടല്ല പെരുമാറുന്നത്." ചിലപ്പോൾ അവർ പറയുന്നത് ശരിയാണ്; ഞാൻ നന്നായിട്ടായിരിക്കയില്ല പെരുമാറുന്നത്. ദൈവം കൂടുതലായി എന്നിൽ നിന്നും എല്ലാ പിതാക്കന്മാരിൽ നിന്നും പ്രതീക്ഷിക്കുന്നു.

### നിങ്ങളുടെ മക്കളെ നയിക്കുക

മൂന്നു കാലുള്ള ഒരു സ്റ്റൂളിനെ ഒരു നിമിഷം ഒന്നു ചിന്തിക്കുക. അതു നേരെ നില്ക്കണമെങ്കിൽ ആ മൂന്നു കാലും വേണം. അതിൽ നിന്നു ഒന്നെടുത്തു മാറ്റിയാൽ, അതിനു നേരെ നില്ക്കുവാൻ സാധ്യമല്ല. നിങ്ങളുടെ മക്കളെ നയിക്കുവാൻ മൂന്നു ഘടകങ്ങൾ പൗലൊസ് പറയുന്നു. വിജയകരമായ നേതൃത്വത്തിനു പിതാക്കന്മാർക്ക് അവ മൂന്നും ആവശ്യമാണ്.

1. *വാത്സല്യം.* ആ ആശയം "പോറ്റിപുലർത്തുക" എന്ന പ്രയോഗത്തി

ലുണ്ട് (ഗ്രീക്ക്.: *എക്ട്രേഫോ*). അക്ഷരികമായി, അതിന്റെ അർത്ഥം "പക്വത യിലേക്കു വളർത്തുക, പോറ്റുക, വളർത്തുക, കൊണ്ടുവരിക, അല്ലെങ്കിൽ വാത്സല്യവും കരുതലും നല്കുക" എന്നാണ്. ദൈവഭക്തിയുള്ള പിതാക്ക ന്മാർ വാത്സല്യമുള്ളവരായിരിക്കും. അലൻ ലോയ് മെക്ക്ജിന്നിസ് പറഞ്ഞു, "മൃദുവായി വാർണിഷ്, തേച്ച് പിടിപ്പിക്കുന്നതുപോലെ, ബന്ധങ്ങൾ പണിയ പ്പെടുന്നതാണ്."[3]

പിതാക്കന്മാരേ, നിങ്ങളുടെ മക്കളെ നയിക്കുവാൻ, നിങ്ങൾ ദയയും വാത്സല്യവും ഉള്ളവരാകണം. നമുക്കെങ്ങനെ വാത്സല്യം വളർത്തിയെ ടുക്കാം?

(1) നിങ്ങളുടെ മക്കൾ പറയുന്നതു കേൾക്കുകയും അവരുടെ വികാര ങ്ങളെ മാനിക്കുകയും ചെയ്യുക.

(2) നിങ്ങൾ കൂടുതൽ പരുഷമാകുകയോ അല്ലെങ്കിൽ തെറ്റുകൾ പ്രവർത്തിക്കുകയോ ചെയ്താൽ അവയ്ക്കു ക്ഷമ ചോദിക്കുവാൻ മടിക്ക രുത്.

(3) സ്പർശിക്കാകുന്നവരാകുക - ചുംബിക്കുവാൻ ഉദാരമനസ്ക്കരാ കുക.

(4) മക്കളെ ഉറപ്പിക്കുക; അവരുടെ പരിശ്രമങ്ങളെ പ്രോത്സാഹിപ്പിക്കുക.

(5) ഓരോ കുട്ടിയോടും നിങ്ങൾ ഇടപെടുന്നതിനെ കുറിച്ചു നിങ്ങളുടെ പങ്കാളിയുടെ അഭിപ്രായം ശ്രദ്ധിക്കുക.[4]

സ്നേഹമുള്ള നായകന്മാർ ആകുവാനാണ് ദൈവം നമ്മോടു ആവശ്യ പ്പെടുന്നത്, അത് മനുഷ്യനു സാധ്യമായതാണ്. പുരുഷന്മാർ അവരുടെ മക്ക ളോടു വാത്സല്യം കാണിക്കുമ്പോൾ അവർ ദൈവം ആഗ്രഹിക്കുന്നതു പോലെ ആകുന്നു എന്നർത്ഥം.

2. *അച്ചടക്കം*. പിതാക്കന്മാർ തങ്ങളുടെ മക്കളെ "പരിശീലിപ്പിച്ചു" വളർത്തണം (ഗ്രീക്ക്.: *പായിഡെയിയ*) അല്ലെങ്കിൽ കർത്താവിന്റെ "ബാല ശിക്ഷയിൽ" വളർത്തണം. ഇത് സൂചിപ്പിക്കുന്നത് "നിയമാവലികളും നിയ ന്ത്രണങ്ങളും, പ്രതിഫലങ്ങളും, ആവശ്യമെങ്കിൽ, ശിക്ഷയും നല്കി പരിശീ ലിപ്പിക്കുന്നതാണ്."[5] പിലാത്തൊസ് യേശുവിനെ പറ്റി പറയുന്നതു രേഖപ്പെ ടുത്തുവാൻ ലൂക്കൊസ് ഈ വാക്ക് ഉപയോഗിക്കുന്നുണ്ട്: "അതുകൊണ്ടു ഞാൻ അവനെ അടിപ്പിച്ചു വിട്ടയക്കും" (ലൂക്കൊസ് 23:16). നാം വായിക്കു ന്നു, "ഏതു ശിക്ഷയും തല്ക്കാലം സന്തോഷകരമല്ല, ദുഃഖകരമത്രേ എന്നു തോന്നും; പിന്നത്തേതിലോ അതിനാൽ അഭ്യാസം വന്നവർക്കു, നീതി എന്ന സമാധാനഫലം ലഭിക്കും" (എബ്രായർ 12:11).

ഇഷ്ടത്തെ രൂപപ്പെടുത്തുന്നതാണ് അച്ചടക്കം എന്നു ജെയിംസ് ഡോബ്സൺ വിവരിച്ചിട്ടുണ്ട്. അങ്ങനെ ചെയ്യുന്നതിനെ കുറിച്ചുള്ള അദ്ദേ ഹത്തിന്റെ അഭിപ്രായങ്ങൾ ചിലതു താഴെ കൊടുക്കുന്നു:[6]

(1) *അതിരുകൾ വെക്കുന്നതിനുമുൻപു അവയെ നിർവ്വചിക്കുക*. ഉത്ത രവാദിത്വത്തിൽ അകപ്പെടുന്നതിനുമുൻപു അതിൽ സ്വീകാര്യമായത് കുട്ടി മുൻകൂട്ടി അറിയേണ്ടതുണ്ട്.

(2) *ധിക്കരിക്കുന്ന വെല്ലുവിളി നേരിടുമ്പോൾ, ഖണ്ഡിതമായ ആത്മവി ശ്വാസത്തോടെ പ്രതികരിക്കുക.* ഇഷ്ടങ്ങളുടെ പോരാട്ടം നടക്കുമ്പോൾ, അപ്പൻ അതിനെ ഖണ്ഡിതമായ ആത്മവിശ്വാസത്തോടെ വിജയിക്കണം.

(3) *ബാലിശമായ നിരുത്തരവാദിത്വവും മനപ്പൂർവ്വമായ ധിക്കാരവും*

*തമ്മിൽ തിരിച്ചറിയണം.* മനപ്പൂർവ്വമല്ലാത്ത ധിക്കാരമാണെങ്കിൽ ആ കുട്ടിയെ അടിക്കരുത്. ചവറ് എടുത്തു മാറ്റുവാൻ മറന്നുപോയതിനു കുട്ടിയെ അടിക്കരുത്. മനപ്പൂർവ്വമായ ധിക്കാരം മറ്റൊന്നാണ്. അതിനെ നേരിട്ടു കൈകാര്യം ചെയ്യണം.

(4) *ഏറ്റുമുട്ടലിനുശേഷം വീണ്ടും ഉറപ്പിക്കുകയും പഠിപ്പിക്കുകയും വേണം.*

(5) *അസാധ്യമായ ആവശ്യങ്ങൾ ഒഴിവാക്കുക.* കുട്ടിക്ക് ആ സമയത്തു ചെയ്യുവാൻ സാധ്യമാകാത്ത കാര്യത്തിനു ശിക്ഷിക്കരുത്.

(6) *നിങ്ങളുടെ സ്നേഹം നിങ്ങളെ നയിക്കുന്നത് ആയിരിക്കട്ടെ.*

പിതാക്കന്മാർ മൂന്നു കാലുള്ള സ്റ്റൂളിന്റെ രണ്ടു കാലുകളായ വാത്സല്യവും അച്ചടക്കവും ആകട്ടെ. അതു മൂന്നാമത്തെ കാലിന്റെ ആവശ്യത്തിലേക്കു നമ്മെ കൊണ്ടുവരുന്നു.

3. *പത്ഥ്യോപദേശം.* "പത്ഥ്യോപദേശം"എന്ന വാക്ക് (ഗ്രീക്ക്.: *നൗതേസിയ*) അക്ഷരികമായി അർത്ഥമാക്കുന്നത് "മനസിന്റെ മുമ്പിൽ വെക്കുക" എന്നാണ്. വാക്കുകൾ കൊണ്ടുള്ള ഉപദേശം അല്ലെങ്കിൽ വാക്കുകൾ കൊണ്ടുള്ള സൂചനയാണത്. മഹാപുരോഹിതനായിരുന്ന ഏലി തന്റെ മക്കളോടു ഇതു ചെയ്തില്ല. എന്തു സംഭവിച്ചു എന്നു ശ്രദ്ധിക്കുക:

> യഹോവ ശമുവേലിനോടു അരുളിച്ചെയ്തതു, "ഇതാ, ഞാൻ യിസ്രായേലിൽ ഒരു കാര്യം ചെയ്യും അതു കേൾക്കുന്നവന്റെ ചെവി രണ്ടും മുഴങ്ങും. ഞാൻ ഏലിയുടെ ഭവനത്തെ കുറിച്ചു അരുളിച്ചെയ്തതൊക്കെയും, ഞാൻ അന്നു അവന്റെ മേൽ ആദ്യന്തം നിവർത്തിക്കും. അവന്റെ പുത്രന്മാർ ദൈവദൂഷണം പറയുന്ന അകൃത്യം അവൻ അറി ഞ്ഞിട്ടും അവരെ ശാസിച്ചമർത്തായ്ക കൊണ്ടു, ഞാൻ അവന്റെ ഭവനത്തിനു എന്നേക്കും ശിക്ഷ വിധിക്കും എന്നു ഞാൻ അവനോടു കല്പിച്ചിരിക്കുന്നു" (1 ശമുവേൽ 3:11-13).

പഴയ നിയമത്തിലെ വാക്യം 13-ലെ "ശാസന" എന്ന വാക്ക് തർജ്ജിമ ചെയ്തിരിക്കുന്നത് 6:4-ൽ ഉള്ള "പത്ഥ്യോപദേശം" എന്നതിന്റെ അതേ മൂല വാക്കുപയോഗിച്ചാണ്. ഏലി ദൈവത്തെ സേവിക്കുവാനാണ് തന്റെ ആയുസ് ചെലവിട്ടത്. അവൻ യിസ്രായേലിനെ ആരാധനയിൽ നയിച്ചു, പക്ഷെ അവന്റെ മക്കൾക്ക് നിർദ്ദേശങ്ങൾ ആവശ്യമുള്ള സമയത്തു അവൻ നല്കിയില്ല. ചിലപ്പോൾ പിതാക്കന്മാർ തങ്ങളുടെ മക്കളെ ശാസിക്കണം. ശരിയായ രക്ഷ കർത്തൃത്വത്തിൽ പെടുന്നതാണ് മക്കൾക്കു ആവശ്യമുള്ള നിർദ്ദേശങ്ങൾ നല്കുക എന്നത്.

**ഉപസംഹാരം**

ജീവിതത്തിന്റെ വെല്ലുവിളികൾ, അപകടങ്ങൾ, പ്രതിസന്ധികൾ ഇവയിലൂടെയെല്ലാം കുടുംബത്തെ നയിക്കുക എന്ന ഉത്തരവാദിത്വമാണ് ദൈവം ഓരോ പിതാക്കന്മാർക്കും നല്കിയിരിക്കുന്നത്. നീരസത്താൽ മക്കളിൽ കോപം ഉണ്ടാകാത്തവണ്ണം നയിക്കുക. ക്രിയാത്മക രീതി ഉപയോഗിച്ചു നയിക്കുക: വാത്സല്യത്തിലും, പത്ഥ്യോപദേശത്തിലും, പരിശീലനം നൽകിയും നയിക്കുക.

കുറിപ്പുകൾ

[1]സ്റ്റു വെബർ, *ടെന്റർ വാരിയർ: ഗോഡ്സ് ഇന്റെൻഷൻ ഫോർ ഏ മാൻ* (സിസ്റ്റേഴ്സ് ഓറെഗ്.: മൾട്ട്നോമാ ബുക്സ്, 1993), 21–26. [2]റോബെർട്ട് കോൾസ്, "റിഫ്ളെക്ഷൻസ്," *ക്രിസ്റ്റ്യാനിറ്റി ടുഡേ* (16 ജൂൺ 1989), 45, ക്വോട്ടഡ് ഇൻ സ്റ്റീവ് ഫറാർ, *പോയിന്റ് മാൻ: ഹൗ ഏ മാൻ കാൻ ലീഡ് ഏ ഫാമിലി* (പോർട്ട്ലന്റ്, ഓറെഗ്.: മൾട്ട്നോമാ പ്രെസ്, 1990), 209. [3]അല്ലൻ ലോയ് മെക്ക്ജിന്നിസ്, ക്വോട്ടഡ് ഇൻ ഫറാർ, 211–12. [4]ഇബിഡ്., 213–16. [5]ഇബിഡ്., 215–16. [6]അച്ചടക്കത്തിനുള്ള ഏറ്റവും നല്ല വിഭവം ജെയിംസ് ഡോബ്സൺ എന്നതിൽ കണ്ടെത്താവുന്നതാണ്, *ഡെയർ ടു ഡിസിപ്ലിൻ* (വീറ്റൺ, Ill.: ടിൻഡെയിൽ ഹൗസ് പബ്ളിഷേഴ്സ്, 1970), 15–62.